# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1785

04/12/2018-ൽ മറുപടിയ്ക്ക്

## ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം
ശ്രീ.പി.ടി.തോമസ് :

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിൽ എത്ര ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഉണ്ടെന്നും അത് എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ; ഓരോ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും അധികാരപരിധി വ്യക്തമാക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 6 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| | മേഖല | അധികാരപരിധി |
|---|---|---|
| 1 | തിരുവനന്തപുരം | ആസ്ഥാന കാര്യാലയം |
| 2 | കൊല്ലം | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ |
| 3 | കോട്ടയം | പത്തനംതിട്ട, കോട്ടയം |
| 4 | എറണാകുളം | ഇടുക്കി, എറണാകുളം |
| 5 | തൃശ്ശൂർ | പാലക്കാട്, തൃശ്ശൂർ |
| 6 | കോഴിക്കോട് | കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് |

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 4 ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാണുള്ളത്. അതിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), ഡെപ്യൂട്ടി ഡയറക്ടർ (പി&ടി) എന്നീ 2 തസ്തികകളും, പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി കൺട്രോളർ തസ്തികയും, SITTTR - ൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും ആണ് ഉള്ളത്. ഓരോ ഡെപ്യൂട്ടി ഡയറക്ടറുടെയും അധികാര പരിധി ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | i) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്<br>എഞ്ചിനീയറിംഗ് ഒഴികെയുള്ള വകുപ്പിന് കീഴിലെ മറ്റ് സ്ഥാപനങ്ങളിലെ അക്കാദമിക്/പർച്ചേയ്സ് സംബന്ധമായ വിഷയങ്ങൾ, പോളി ടെക്നിക് അഡ്മിഷൻ മുതലായ ചുമതലകൾ.<br>ii) ഡെപ്യൂട്ടി ഡയറക്ടർ (പി&ടി), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്<br><br>അപ്രന്റീസ്ഷിപ്പ്, അദ്ധ്യാപകരുടെ കരിയർ പ്ലെയ്സ്മെന്റ്, ഇന്റസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ - ൽ ലയ്സൺ ഓഫീസർ മുതലായ ചുമതലകൾ<br><br>iii) ഡെപ്യൂട്ടി കൺട്രോളർ, പരീക്ഷാ കൺട്രോളറുടെ കാര്യാലയം<br><br>ഡിപ്ലോമ/സർട്ടിഫിക്കറ്റ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പരീക്ഷാ ജോയിന്റ് കൺട്രോളറെ സഹായിക്കുക.<br><br>iv) ഡെപ്യൂട്ടി ഡയറക്ടർ, SITTTR<br><br>എഞ്ചിനീയറിംഗ് ഡിപ്ലോമ തലം വരെയുള്ള കോഴ്സുകളുടെ പാഠ്യപദ്ധതി രൂപീകരണം, പഠന പ്രക്രിയയുടെ വിവിധ വശങ്ങളെ പറ്റിയുള്ള പഠനം, അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, അക്കാദമിക് പരിശോധനകൾ ഇവയിൽ ജോയിന്റ് ഡയറക്ടർ, SITTTR - നെ സഹായിക്കുക. |
| (ബി) | എവിടെയെല്ലാം ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രസ്തുത തസ്തികകളുടെ ചാർജ്ജ് ഏതെല്ലാം പ്രിൻസിപ്പാൾമാർക്കാണ് നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കോട്ടയം മേഖലയിലും കോഴിക്കോട് മേഖലയിലുമായി രണ്ട് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കോട്ടയം മേഖല - കോട്ടയം ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ ചുമതല വഹിക്കുന്നു. കോഴിക്കോട് മേഖല - കോഴിക്കോട് ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾ ചുമതല വഹിക്കുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നില്ല. |
| (സി) | ഇത്തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ | (സി) | 10.12.2010 - ലെ സ.ഉ(പി) 392/2010/ഉ.വി.വ പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | നികത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പാൾമാരായി പ്രൊമോഷൻ നല്കുകയുണ്ടായി. എന്നാൽ 23.02.2016 - ലെ ബഹു.കേരള ഹൈക്കോടതി ഫുൾബെഞ്ച് യു.ജി.സി യോഗ്യതയില്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനും പുന:പരിശോധിക്കാൻ ഉത്തരവായിരുന്നു.യു.ജി.സി യോഗ്യത ഇല്ലാതെ മേൽ വിവരിച്ച പ്രകാരം പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ 23.02.2016 മുതൽ യു.ജി.സി റഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുകയുണ്ടായി.ബഹു.സുപ്രീം കോടതിയുടെ SLP 18938 നമ്പർ കേസിൽ 17.07.2018 - ൽ വിധിന്യായത്തിൽ യു.ജി.സി യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാർക്ക് തുടർന്നുള്ള പ്രൊമോഷൻ നല്കുന്ന വിഷയം പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനം ആകുന്ന മുറയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ് |

**സെക്ഷൻ ഓഫീസർ**